# മഹാത്മാ ഗാന്ധി സർവ്വകലാശാല


## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 4

# വാർത്താക്കുറിപ്പ്

---

**എം.ജി.യിൽ ഫയലുകൾ തീർപ്പാക്കാൻ**

**അദാലത്ത് 22ന്; 11 വരെ അപേക്ഷ നൽകാം**

മഹാത്മാഗാന്ധി സർവകലാശാലയിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീലിന്റെ സാന്നിധ്യത്തിൽ ഫെബ്രുവരി 22ന് രാവിലെ ഒൻപതു മുതൽ അദാലത്ത് നടത്തും. തീരുമാനമാകാതെ കിടക്കുന്ന ഫയലുകളെ സംബന്ധിച്ച് വിദ്യാർഥികൾ, അധ്യാപകർ, പ്രിൻസിപ്പൽമാർ, മാനേജർമാർ എന്നിവർക്ക് പരാതി സമർപ്പിക്കാം. ഫെബ്രുവരി ആറിന് രാവിലെ 10 മുതൽ ഫെബ്രുവരി 11ന് വൈകീട്ട് അഞ്ചുവരെ www.mgu.ac.in എന്ന സർവകലാശാല വെബ്സൈറ്റിലെ ലിങ്ക് വഴിയാണ് അപേക്ഷ ഓൺലൈനായി സമർപ്പിക്കേണ്ടത്. വിശദവിവരങ്ങൾക്ക് ഫോൺ: 0481-2733264, 2733298.

(പി.ആർ.ഒ./39/208/2019)

**നൊബേൽ സമ്മാന ജേത്രി അദ യോനാത്**

**ഇന്ന് എം.ജി. സർവകലാശാലയിൽ**

രസതന്ത്ര നൊബേൽ സമ്മാന ജേത്രി പ്രൊഫ. അദ ഇ. യോനാത് ഇന്ന് (ഫെബ്രുവരി 5) മഹാത്മാ ഗാന്ധി സർവകലാശാലയിൽ ജ്ഞാന പ്രഭാഷണം നടത്തും. വിദ്യാർഥികളും അധ്യാപകരുമായി സംവദിക്കും.

സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സഹകരണത്തോടെ മഹാത്മാ ഗാന്ധി സർവകലാശാലയുടെയും ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയുടെയും ആഭിമുഖ്യത്തിലാണ് പ്രഭാഷണ പരിപാടി സംഘടിപ്പിക്കുന്നത്. രാവിലെ 10.30ന് സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ് ഓഡിറ്റോറിയത്തിൽ സ്കൂൾ വിദ്യാർഥികളുമായി സംവദിക്കും. ഉച്ചകഴിഞ്ഞ് 2.30ന് 'ആധുനിക വൈദ്യശാസ്ത്രം; അടിസ്ഥാന ശാസ്ത്രം മുതൽ തീക്ഷ്ണ പ്രശ്നങ്ങൾ വരെ' എന്ന വിഷയത്തിൽ ജ്ഞാന പ്രഭാഷണം നടത്തും. തുടർന്ന് അധ്യാപകരുമായി സംവദിക്കും.

നാളെ (ഫെബ്രുവരി 6) രാവിലെ 10.30ന് കോട്ടയം പ്രസ്ക്ലബ്ബിൽ മാധ്യമ പ്രവർത്തകരുമായി കൂടിക്കാഴ്ചയും പൊതു പ്രഭാഷണവും നടത്തും. പൊതുജനങ്ങൾക്കും കോളേജ് വിദ്യാർഥികൾക്കും ഇതിൽ പങ്കെടുക്കാൻ അവസരമുണ്ട്. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, ഐ.ഐ.യു.സി.എൻ.എൻ. ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ, പ്രസ് ക്ലബ്ബ് പ്രസിഡന്റ് സാനു ജോർജ് തോമസ്, സെക്രട്ടറി സനിൽകുമാർ എന്നിവർ പങ്കെടുക്കും.

സ്കൂൾ, കോളേജ് വിദ്യാർഥികൾക്ക് പരിപാടിയിൽ പങ്കെടുക്കാമെന്നും നൊബേൽ സമ്മാന ജേത്രിയുമായി സംവദിക്കാൻ അവസരമുണ്ടെന്നും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. വിശദവിവരങ്ങൾക്ക് ഫോൺ: 9495119702, 9617662379.

(പി.ആർ.ഒ./39/209/2019)

## അപേക്ഷ തീയതി

മൂന്ന്, നാല് സെമസ്റ്റർ എം.എ. ഇംഗ്ലീഷ് സപ്ലിമെന്ററി (പ്രൈവറ്റ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഫെബ്രുവരി ആറു വരെയും 500 രൂപ പിഴയോടെ ഏഴു വരെയും 1000 രൂപ സൂപ്പർഫൈനോടെ എട്ടുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/210/2019)

## പരീക്ഷഫലം

2018 ഓഗസ്റ്റിൽ നടന്ന മൂന്നാം വർഷ ബാച്ചിലർ ഓഫ് ഫിസിയോ തെറാപ്പി (2008 അഡ്മിഷൻ മുതൽ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/211/2019)

## എം.എസ്‌സി. അന്തിമ സ്ഥാനപട്ടിക

2017 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. ബയോസ്റ്റാറ്റിസ്റ്റിക്സ് (പി.ജി.സി.എസ്.എസ്.) പരീക്ഷയുടെ അന്തിമ സ്ഥാനപട്ടിക പ്രസിദ്ധീകരിച്ചു. പാലാ സെന്റ് തോമസ് കോളേജിലെ ഫെബ അന്ന വർഗീസ്, എം.ആർ. ജയലക്ഷ്മി, ബി. മാളവിക എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

(പി.ആർ.ഒ./39/212/2019)

2017 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. സുവോളജി (പി.ജി. സി.എസ്.എസ്.) പരീക്ഷയുടെ അന്തിമ സ്ഥാനപട്ടിക പ്രസിദ്ധീകരിച്ചു. മൂവാറ്റുപുഴ നിർമ്മല കോളേജിലെ എം. ആതിര, കോട്ടയം സി.എം.എസ്. കോളേജിലെ അയന സുഗുണൻ, കോഴഞ്ചേരി സെന്റ് തോമസ് കോളേജിലെ ലിജി സജു എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

(പി.ആർ.ഒ./39/213/2019)

2017 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (പി.ജി. സി.എസ്.എസ്.) പരീക്ഷയുടെ അന്തിമ സ്ഥാനപട്ടിക പ്രസിദ്ധീകരിച്ചു. പിറവം ബി.പി.സി. കോളേജിലെ മെറിൻ അലിയാസ്, മാറമ്പള്ളി എം.ഇ.എസ്. കോളേജിലെ അമൃത ജയകുമാർ, ഏറ്റുമാനൂർ ഏറ്റുമാനൂരപ്പൻ കോളേജിലെ നിമ്മി ഷാജി എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

(പി.ആർ.ഒ./39/214/2019)

2016 ജൂണിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (പി.ജി. സി.എസ്.എസ്.) പരീക്ഷയുടെ അന്തിമ സ്ഥാനപട്ടിക പ്രസിദ്ധീകരിച്ചു. ചേർപ്പുങ്കൽ ബി.വി.എം. ഹോളി ക്രോസ് കോളേജിലെ ടി.ഡി. അഖില, അഞ്ജു ശശി, കോന്നി എസ്.എ.എസ്. എസ്.എൻ.ഡി.പി. യോഗം കോളേജിലെ എസ്. സൗമ്യ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

(പി.ആർ.ഒ./39/215/2019)

## പാർട്ട് ടൈം സ്വീപ്പർ ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ താൽക്കാലികാടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒഴിവുണ്ട്. ദിവസേന രണ്ടു മണിക്കൂറാണ് ജോലി സമയം. 125 രൂപ ദിവസ വേതനാടിസ്ഥാനത്തിൽ രണ്ടു മാസത്തേക്കാണ് നിയമനം. സർവകലാശാലയുടെ എട്ടു കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന 18നും 60നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. പത്താംക്ലാസിനു മേൽ യോഗ്യതയുള്ളവർ അപേക്ഷിക്കേണ്ടതില്ല. അപേക്ഷയോടൊപ്പം വോട്ടർ ഐ.ഡി. കാർഡ്/ആധാർ കാർഡിന്റെ പകർപ്പ് സഹിതം അസിസ്റ്റന്റ് രജിസ്ട്രാർ - I (ഭ.വി.) മുമ്പാകെ ഫെബ്രുവരി 28നകം സമർപ്പിക്കണം.

(പി.ആർ.ഒ./39/216/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ